2. ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയിലധികം ചെലവുവരുന്നതും 2-5 ദശലക്ഷം വിത്തുല്പാദന ശേഷിയുള്ളതുമായ ഹാച്ചറികൾക്ക് 1 ലക്ഷം രൂപ സബ്സിഡി നൽകുന്നു.

3. അർദ്ധ ഊർജ്ജിത ചെമ്മീൻക്കൃഷി ഫാമുകൾ സ്ഥാപിച്ച് കൃഷി ചെയ്യുന്നതിന് സബ്സിഡി, ഹെക്ടർ ഒന്നിന് 30,000 രൂപ പരമാവധി 10 ഹെക്ടർ വരെയുള്ള ഫാമുകൾക്ക് ഒരു സമയം സബ്സിഡി നൽകുന്നു.

4. ചെമ്മീൻ കൃഷി സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ ബാങ്ക് വായ്പ ബ്രാക്കിഷ് വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസി ലഭ്യമാക്കുന്നു.

5. ശാസ്ത്രീയ ചെമ്മീൻക്കൃഷിയിൽ താൽപര്യമുള്ളവർക്ക് സൗജന്യപരിശീലനം നൽകുകയും പരിശീലകർക്ക് ദിവസവും 50 രൂപ സ്റ്റൈപ്പന്റ് നൽകുകയും ചെയ്യുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ മത്സ്യക്കൃഷി പരിപാടി പ്രകാരം കർഷകർക്ക് താഴെപ്പറയുന്ന സാങ്കേതിക സാമ്പത്തികസഹായം നൽകുന്നു.

1. ജനകീയ മത്സ്യക്കൃഷിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നാമനിർദ്ദേശം ചെയ്യുന്ന മോട്ടിവേറ്റർമാർക്കും കർഷകർക്കും മത്സ്യക്കൃഷിയിലും മത്സ്യവിത്തു വളർത്തലിലും പരിശീലനം നൽകുന്നു.

2. മത്സ്യവിളവെടുപ്പ്, വിതരണം എന്നിവയെക്കുറിച്ച് മത്സ്യക്കർഷകൻ, മോട്ടിവേറ്റർമാർ എന്നിവർക്ക് പരിശീലനം നൽകുന്നു.

3. കർഷകർക്ക് ഹെക്ടർ ഒന്നിന് 4000 രൂപയിൽ കവിയാത്ത നിരക്കിൽ മത്സ്യവിത്തും തീറ്റയും സൗജന്യമായി നൽകുന്നു.

4. ജനകീയ മത്സ്യക്കൃഷിയുടെ രണ്ടാം ഘട്ടം സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ പ്രവർത്തിക്കുന്ന 6 ഓരുജല മത്സ്യക്കർഷക വികസന ഏജൻസികൾ മുഖേന നടപ്പിലാക്കുന്നു.

5. ഓരു ജലാശയങ്ങളും, ഓരുജല പ്രദേശങ്ങളും വിശദമായി സർവ്വേ ചെയ്യുക, കൃഷിക്കനുയോജ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കുക, കൃഷിക്കാരെ സാമ്പത്തികമായും സാങ്കേതികമായും സഹായിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടുകളുണ്ടാക്കി ബാങ്ക് വായ്പ ലഭ്യമാക്കുക, സൗജന്യ പരിശീലനം നൽകുക, കൃഷിമുറകളിൽ മത്സ്യക്കർഷകർക്കാവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

6. 50 സെന്റിനു താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് സൗജന്യമായി 2500/- രൂപയ്ക്കുവരെ ചെമ്മീൻ വിത്ത് വിതരണം ചെയ്യുന്നു.

15 (1115) പണി പൂർത്തീകരിക്കാത്ത ഫിഷിംഗ് ഹാർബർ

ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി പൂർത്തീകരിക്കാത്ത ഫിഷിംഗ് ഹാർബറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അവ ഏതെല്ലാം ആണെന്നും എന്നത്തേക്ക് പണി പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

പണി പൂർത്തീകരിക്കാത്ത ഫിഷിംഗ് ഹാർബറുകൾ	പൂർത്തീകരിക്കുവാൻ കഴിയുമെന്ന് കരുതുന്ന തീയതി
വിഴിഞ്ഞം(രണ്ടും മൂന്നും ഘട്ടം)	3/2000
തങ്കശ്ശേരി	10/2000
കായംകുളം	3/2001
മുനമ്പം	8/99

ചോമ്പാൽ, മാപ്പിളബേ എന്നീ തുറമുഖങ്ങളുടെ പ്രധാന ജോലികൾ പൂർത്തിയാക്കി 25.5.99-ന് കമ്മീഷൻ ചെയ്തു. അവശേഷിക്കുന്ന പണികൾ ഈ സാമ്പത്തികവർഷത്തോടുകൂടി പൂർത്തിയാക്കുന്നതാണ്.

16 (1116) ഫിഷിംഗ് ഹാർബറുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷിംഗ് ഹാർബറുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറുണ്ടോ;

(ബി) ഇതിനായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ എന്ത് തുക വകയിരുത്തിയിരുന്നു;

(സി) അതിൽ എന്തു തുക ചെലവായിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഇനത്തിൽ മിച്ചം ഉണ്ടെങ്കിൽ എത്രയെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ധനലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്താറുണ്ട്.

(ബി) 66.80 ലക്ഷം രൂപ

(സി) 63.693 ലക്ഷം രൂപ

(ഡി) 3,11,700 രൂപ മിച്ചം വന്നു. 1997-98-ൽ 2.50 ലക്ഷം രൂപയുടെ അധിക ഫണ്ട് അനുവദിച്ചത് 31.3.98-ൽ ആയതിനാൽ ടി തുക മുഴുവൻ ചെലവാക്കാൻ കഴിഞ്ഞില്ല.

17 (1117) ദേവികുളങ്ങര ഫിഷ്ലാന്റിംഗ് സെന്റർ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly